കോട്ടകാൽ—കരിച്ചൽ തോട്ട്.

*205. MR. SANKARAN NADAR (*Neyyattinkara I—Hindu Nadar*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ള്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) നെയ്യാറിൻകരതാലൂക്കിൽ കരുപ്പട്ടിച്ചിറയിൽനിന്നും കോട്ടകാൽവഴി കരിച്ചൽകായലിൽ ചെന്നുചേരുന്ന തോട്ട് നികന്നും, ഉടപ്പുകൊംവീണും കിടക്കുന്നതിനാൽ ടി തോട്ടിന്റെ തീരപ്രദേശങ്ങളിലുള്ള നിലങ്ങളിൽ ശരിക്കു കൃഷിചെയ്യുന്നതിനു നിവൃത്തിയില്ലെന്നും പൂർവ്വസ്ഥിതിയിൽ നന്നാക്കണമെന്നും, സ്ഥലവാസികൾ പലപ്പോഴും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

(ബി) ഇനിയെങ്കിലും വേണ്ടതുചെയ്തു് കർഷകരെ രക്ഷിക്കാൻ മനസ്സുണ്ടാകുമോ?

HON'BLE MR. K. R. ELANKATH: (എ) ഉണ്ടു്. ൧൭,൪൦൬ രൂപയുടെ ഒരു എസ്റ്റിമേറു തയാറാക്കിയിട്ടുണ്ടു്. (ബി) എസ്റ്റിമേറു് ഗവണ്മെൻറിനു് ഇതുവരെ ലഭിച്ചിട്ടില്ല. അതു കിട്ടിയതിനുശേഷം വേണ്ടതു ചെയ്യാം.

MR. S. KUTTAN: ഇപ്പോഴത്തെ മന്ത്രിസഭ ഭരണം തുടങ്ങിയതിനുശേഷം കോട്ടകാൽ ഏലാ മുഴുവൻ നികന്നു കിടക്കുകയാണെന്നു് വല്ല നിവേദനവും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH: നികന്നു കിടക്കുകയാണെന്നു നിവേദനം ലഭിച്ചിട്ടുണ്ടു്.

MR. K. M. CHANDY: കോട്ടകാൽ ഏലാ നികന്നുപോയതിൽ മന്ത്രിസഭയ്ക്കു വല്ല ഉത്തരവാദിത്വവും ഉണ്ടോ?

HON'BLE MR. K. R. ELANKATH: നികന്നുപോയതിൽ മന്ത്രിസഭയ്ക്കു് ഉത്തരവാദിത്വം ഒന്നുമില്ല.

MR. S. KUTTAN: ഇറിഗേഷൻമന്ത്രി സ്ഥലം സന്ദർശിച്ചു് അതിനു വേണ്ട നിവാരണമാർഗ്ഗങ്ങൾ നടത്തുമെന്നു സമ്മതിക്കുകയും അതിനുശേഷം അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്തതു് എന്തുകൊണ്ടാണെന്നു പറയാമോ?

HON'BLE MR. K. R ELANKATH: ഞാനും മിസ്റ്റർ മർക്കോസും കൂടി ആ സ്ഥലം സന്ദർശിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അതിനു ഞങ്ങൾക്കും ആ നാട്ടുകാർക്കും സൗകര്യമുള്ള ഒരു ദിവസം നിശ്ചയിച്ചു വരുവാൻ താമസിയാതെതന്നെ വരുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KUTTAN : ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ ഇരുന്നു കൊണ്ട് കാര്യങ്ങളുടെ ഗൗരവത്തെ ഓർക്കാതെ ഈ വിവരം നാട്ടുകാരെ അറിയിക്കാതിരുന്നതു മര്യാദയാണെന്നു വിചാരിക്കുന്നുണ്ടോ?

MR. PRESIDENT : ആ പ്രശ്നം ഇവിടെ സംഗതമല്ല.

വളംവിതരണ പദ്ധതി.

* 206. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) ൧൯൫൦ മുതൽ ൧൯൫൫ വരെയുള്ള വർഷങ്ങളിൽ ഓരോന്നിലും ഗവണ്മെൻറിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വളം എത്ര ടൺ ആണ്? ഏതെല്ലാംതരം വളം? എത്രരൂപാ വില?

(ബി) കർഷകർക്ക് ഗവണ്മെൻറിൽനിന്ന് വളം സുലഭമായ തോതിൽ വിതരണം ചെയ്യുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിലെന്ത്?

HON'BLE MR. V. O. MARKOS : ൧൯൫൦ മുതൽ ൧൯൫൫ വരെയുള്ള വർഷങ്ങളിൽ ഗവണ്മെൻറിൽനിന്നും വിതരണം ചെയ്തിട്ടുള്ള വളം എത്ര എന്നുള്ളതിനെസംബന്ധിച്ച സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. K. K. CHELLAPPAN PILLAI : അത് വായിച്ചുകേട്ടാൽകൊള്ളാം.

(സ്റ്റേറ്റുമെൻറ് വായിക്കുന്നു)

HON'BLE MR. V. O. MARKOS : It is as follows :—

LIBRARY ARCHIVES Kerala Legislative Assembly